**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | മതിയായ രേഖകളുടെ അഭാവത്താൽ ആദ്യഘട്ടത്തിൽ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടാതെ പോയവയിൽ പിന്നീട് പരിശോധിച്ച് കൂട്ടിച്ചേർക്കപ്പെട്ടവയും ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീലുകൾ മുഖാന്തിരം പരിശോധിച്ച് ഡിക്ലയർ ചെയ്യപ്പെട്ട മരണങ്ങളും ഉൾപ്പെടെ 2021 മെയ് 20 മുതൽ 2022 ഫെബ്രുവരി 14 വരെ) സംസ്ഥാനത്ത് ആകെ 55,653 കോവിഡ് മരണങ്ങളാണ് ഡിക്ലയർ ചെയ്തത്. പ്രസ്തുത കോവിഡ് മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 6513 കൊല്ലം - 5323 പത്തനംതിട്ട - 2032 ആലപ്പുഴ - 4352 കോട്ടയം - 3633 ഇടുക്കി - 1260 എറണാകുളം - 6332 തൃശ്ശൂർ - 5972 പാലക്കാട് - 4880 മലപ്പുറം - 4890 കോഴിക്കോട് - 4975 വയനാട് - 745 കണ്ണൂർ - 3625 കാസർഗോഡ് - 1121 ആകെ - 55653 |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് എത്ര കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | 2021 മെയ് 19 വരെ സംസ്ഥാനത്ത് ആകെ 6724 കോവിഡ് മരണങ്ങളാണ് ഡിക്ലയർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 1298 കൊല്ലം - 460 പത്തനംതിട്ട - 209 ആലപ്പുഴ - 496 കോട്ടയം - 303 ഇടുക്കി - 56 എറണാകുളം - 628 തൃശ്ശൂർ - 799 പാലക്കാട് - 355 മലപ്പുറം - 537 കോഴിക്കോട് - 802 വയനാട് - 136 കണ്ണൂർ - 522 കാസർഗോഡ് - 123 ആകെ - 6724 |
| (സി) | 18 വയസ്സിൽ താഴെ പ്രായമുള്ള എത്ര കുട്ടികളാണ് കോവിഡ് ബാധിച്ച് മരണപ്പെട്ടത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (സി) | 2022 ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് 18 വയസ്സിനു താഴെയുള്ള കുട്ടികളിൽ ആകെ 166 പേരാണ് മരണപ്പെട്ടത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 13 കൊല്ലം - 15 പത്തനംതിട്ട - 5 ആലപ്പുഴ - 10 കോട്ടയം - 8 ഇടുക്കി - 6 എറണാകുളം - 9 തൃശ്ശൂർ - 14 പാലക്കാട് - |

| | | | |
|---|---|---|---|
| | | | 13 മലപ്പുറം - 18 കോഴിക്കോട് - 20 വയനാട് - 7 കണ്ണൂർ - 19 കാസർഗോഡ് - 9 ആകെ - 166 |

സെക്ഷൻ ഓഫീസർ